# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3533 20.06.2019-ൽ മറുപടിയ്ക്ക്

## സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പാപദ്ധതികൾ

| ചോദ്യം<br>ശ്രീ. എം. സ്വരാജ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങി വരുന്നവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായകമായി എന്തെല്ലാം വായ്പാ പദ്ധതികൾ ഏർപ്പെടുത്തി വരുന്നു എന്ന് അറിയിക്കുമോ; | എ) | പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങി വരുന്നവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പാപദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിടവ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ വായ്പ നൽകി വരുന്നുണ്ട്. |
| ബി) | ഇവ ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്നും ഓരോന്നിന്റെയും വിശദാംശവും അറിയിക്കുമോ; | ബി) | നിലവിൽ 13 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം ലോൺ നൽകി വരുന്നുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, സിൻഡിക്കേറ്റ് ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ഫെഡറൽ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമീണവികസന ബാങ്ക്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് കോഴിക്കോട്, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മലപ്പുറം എന്നിവയാണ് ധനകാര്യ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ. മേൽപ്പറഞ്ഞ ധനകാര്യ സ്ഥാപനങ്ങളിൽ സൗകര്യപ്രദമായ ഒന്ന് തെരഞ്ഞെടുത്ത് ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ ധനകാര്യസ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യസ്ഥാപനങ്ങൾ വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ അവർ നിശ്ചയിച്ചിട്ടുള്ള വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്കാണ് വായ്പ അനുവദിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ നിബന്ധനകൾക്കും, മാനദണ്ഡങ്ങൾക്കും അനുസൃതമായിട്ടാണ് വായ്പകൾ നൽകി വരുന്നത്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലൂടെ വ്യവസായിക ലോണുകൾക്ക് പ്രാധാന്യം നൽകിയുള്ള വായ്പകളാണ് അനുവദിക്കുന്നത്. |
| സി) | ഈ വായ്പകൾക്ക് നിശ്ചയിച്ചിട്ടുള്ള പലിശനിരക്കും, തിരിച്ചടവ് രീതിയും, സബ്സിഡികളും സംബന്ധിച്ച വിശദാംശം അറിയിക്കുമോ? | സി) | ഓരോ ധനകാര്യ സ്ഥാപനത്തിന്റെയും നിബന്ധനകൾക്കനുസൃതമായിട്ടാണ് പലിശനിരക്ക്, തിരിച്ചടവ് എന്നിവ നിശ്ചയിച്ചിരിക്കുന്നത്. പ്രോജക്ട് കോസ്റ്റിന്റെ 15% മൂലധന സബ്സിഡി ആയിട്ടും കൃത്യമായി ലോൺ തിരിച്ചടക്കുന്നതിന് പ്രോത്സാഹനമായി 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും സർക്കാർ നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**